# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 915 — 28/04/2017-ൽ മറുപടിയ്ക്ക്

## പ്രീ സ്കൂൾ വിദ്യാഭ്യാസം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. സ്വരാജ്** | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനമായ പ്രീ സ്കൂൾ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പ്രീപ്രൈമറി ക്ലാസുകൾ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികൾ, സ്വകാര്യ ഏജൻസികളുടെ നഴ്സറികൾ/കിന്റർഗാർട്ടനുകൾ എന്നിവയിൽ പ്രീപ്രൈമറി വിദ്യാഭ്യാസം ഏകീകരിച്ചു ചിട്ടപ്പെടുത്തുന്നതിന് എസ്.സി.ഇ.ആർ.ടി ഡയറക്ടർ കൺവീനറായും പൊതു വിദ്യാഭ്യാസ ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായും ഉള്ള 5 അംഗ കമ്മിറ്റി രൂപീകരിക്കുകയും എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ കരട് പാഠ്യപദ്ധതി, ഈ കരിക്കുലം കമ്മിറ്റി പഠിച്ച് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ആയത് 11/08/14 ലെ 158/14/പൊ.വി.വ പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായി.<br>ഇതിനെതുടർന്ന് സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ പി.റ്റി.എ യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഒരു സമിതി രൂപവൽക്കരിക്കുന്നതിനും പഠനം നടത്തി നിർദ്ദേശങ്ങൾ രണ്ട് മാസത്തിനകം സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുമായി എസ്.സി.ഇ.ആർ.ടി ഡയറക്ടറെ 23.03.2017-ലെ സ.ഉ(സാധാ) നം.806/2017/പൊ.വി.വ പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഒരു കർമ്മ പദ്ധതി നടപ്പിലാക്കുമോ; പ്രസ്തുത പദ്ധതി നിലവിലുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) എസ്.സി.ഇ.ആർ.ടിയിൽ നിന്നും പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഈ കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ